**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4261** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദി ബോർഡിന് കീഴിലുള്ള നൂൽനൂൽപ്പ് കേന്ദ്രങ്ങളും തൊഴിലാളികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖാദി ബോർഡിന് കീഴിൽ എത്ര നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ ആകെ 243 നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇതിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 243 നൂൽനൂൽപ്പ് കേന്ദ്രങ്ങൾ വഴി മാത്രം ആകെ 3168 തൊഴിലാളികളാണ് നിലവിൽ ജോലി ചെയ്യുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 233 കൊല്ലം - 179 പത്തനതിട്ട – 84 ആലപ്പുഴ – 192 കോട്ടയം - 173 ഇടുക്കി - 24 എറണാകുളം - 199 തൃശ്ശൂർ - 173 പാലക്കാട് - 329 മലപ്പുറം - 131 കോഴിക്കോട് - 220 വയനാട് - 16 കണ്ണൂർ, കാസറഗോഡ് & പയ്യന്നൂർ - 1215 |
| (സി) | ഇത്തരത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ? | (സി) | വേതനം, ഇൻസെന്റീവ്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, ഫെസ്റ്റിവൽ അലവൻസ്, മിനിമം വേതനം എന്നിവ നൽകുന്നു. ഇത് കൂടാതെ ജോലി ഭാരം കുറക്കുന്നതിനായി ചർക്കകളുടെ പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ